# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25.07.2026**

## പ്രധാനവാർത്തകൾ

1. ചോദ്യ പേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി സമരത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജി വെച്ചു.

2. ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സി ജെ പി നടത്തി വന്ന സമരം അവസാനിപ്പിച്ചു. വിദ്യാർത്ഥികൾക്കെതിരെ നടപടി ഉണ്ടാകില്ലെന്ന് കേന്ദ്ര സർക്കാർ.

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

4. എയിംസ് വേണമെന്നതാണ് സർക്കാരിൻറെ നിലപാടെന്നും സംസ്ഥാനത്ത് ഏത് സ്ഥലത്തായാലും സ്വീകാര്യമെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ.

5. പൊതു വിദ്യാലയങ്ങളിലെ ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപ്പാക്കുന്ന 'ഡിജിറ്റൽ സ്ക്വയർ' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം.

PNU TVPM

6. ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ സിംബാബ്‌വെയ്ക്ക് 220 റൺസ് വിജയലക്ഷ്യം.

*************************************

<u>ധർമേന്ദ്ര പ്രധാൻ-രാജി (ഇൻട്രോ)</u>

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജി സമർപ്പിച്ചു. അദ്ദേഹം തന്റെ രാജി അപേക്ഷ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കൈമാറി.

വിശദാംശങ്ങളിലേക്ക്....

<u>(വോയ്സ്)</u>

*കഴിഞ്ഞ പത്ത് ദിവസമായി തുടരുന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ, നിലവിലെ സാഹചര്യങ്ങളിൽ തനിക്ക് ഏറെ വിഷമമുണ്ടെന്നും ഇത് തന്റെ അഭിമാനപ്രശ്നമല്ലെന്നും സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ അദ്ദേഹം വ്യക്തമാക്കി. ന്യൂഡൽഹിയിലെ ന്യൂഡൽഹിയിലെ ജന്തർ മന്തറിലും രാജ്യത്തുടനീളവുമുള്ള സാഹചര്യം കണക്കിലെടുത്ത്, ദേശവിരുദ്ധ ശക്തികൾ അതിനെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും , ഒരു വിദ്യാർത്ഥിയുടെ ഭാവി പോലും നിയമപരമായ സങ്കീർണതകളിൽ കുടുങ്ങരുത് എന്ന ലക്ഷ്യത്തോടെയുമാണ് പ്രധാനമന്ത്രിക്ക് രാജി സമർപ്പിക്കാൻ തീരുമാനിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി പ്രധാനമന്ത്രി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിശ്വാസത്തിനും പിന്തുണയ്ക്കും ധർമേന്ദ്ര പ്രധാൻ നന്ദി അറിയിച്ചു. വരുന്ന വർഷം മുതൽ നീറ്റ്-യു.ജി പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിലേക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചിരുന്നതായും ശ്രീ ധർമേന്ദ്ര പ്രധാൻ വ്യക്തമാക്കി.*

ന്യൂസ്ഡെസ്ക്, ആകാശവാണി

*************************************

<u>സിജെപി യോഗം (ഇൻട്രോ)</u>

അതേസമയം തങ്ങളുടെ ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് സി.ജെ.പി ന്യൂഡൽഹിയിൽ

RNU TVPM

നടത്തി വന്ന സമരം പിൻവലിച്ചു. കേന്ദ്രമന്ത്രിമാരായ ജെ. പി. നഡ്ഡയും ജിതേന്ദ്ര സിംഗും ഇന്ന് സി.ജെ.പി പ്രതിനിധികളുമായി മൂന്നാം ഘട്ട ചർച്ച നടത്തി.

പിന്നീട് ന്യൂഡൽഹിയിൽ നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ, പ്രതിഷേധക്കാർക്കെതിരെ ഒരു നടപടിയും എടുക്കരുതെന്നും എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്യരുതെന്നുമുള്ള ആവശ്യങ്ങൾ യോഗത്തിൽ സർക്കാർ അംഗീകരിച്ചതായി ശ്രീ നഡ്ഡ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

തീരുമാനിച്ച വ്യവസ്ഥകൾ നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പിലാക്കുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചുകൊണ്ട്, നല്ല ഉദ്ദേശത്തോടെ സമരം പിൻവലിക്കുന്നതായി സി.ജെ.പി വക്താവ് സൗരവ് ദാസ് അറിയിച്ചു.

************************************

## ഡൽഹി-ഗതാഗതം

ന്യൂഡൽഹി മേഖലയിൽ കനത്ത തിരക്കും രൂക്ഷമായ ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ഈ ഭാഗത്തേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഡൽഹി പോലീസ് നിർദ്ദേശിച്ചു. അതേസമയം ഡൽഹി മെട്രോയിലെ അടച്ചിട്ട പ്രവേശന കവാടങ്ങൾ തുറന്നു.

PIU TVPM

************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' നാളെ രാവിലെ 11 മണിക്ക് ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 136-ാ◌ം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും, ഓൾ ഇന്ത്യ റേഡിയോ ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷയിലും മൻ കി ബാത്ത് കേൾക്കാം.

************************************

## പമ്പാ സാഹിത്യോത്സവ

മനുഷ്യൻ്റെ സാമൂഹ്യ ജീവിതം ജീവസുറ്റതാക്കുന്നത് കലയും സാഹിത്യവുമാണെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ . ചെങ്ങന്നൂർ ആറാട്ടു പുഴയിൽ സംഘടിപ്പിച്ച പമ്പാ സാഹിത്യോത്സവത്തിൻ്റെ ഉദ്ഘാടനം നിർവഹിക്കുകയായിയുന്നു അദ്ദേഹം.`

സമൂഹത്തെ ചേർത്ത് പിടിക്കുന്ന മഹനീയ ദൗത്യമാണ് കലാകരൻമ്മാരും സാഹിത്യകാരൻമ്മാരും ചെയ്യുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

************************************

## ആരോഗ്യ മന്ത്രി കെ. മുരളീധരൻ - എയിംസ്

സംസ്ഥാനത്ത് എയിംസ് വേണമെന്നതാണ് സർക്കാരിൻറെ നിലപാടെന്നും അത് ഏത് സ്ഥലത്തായാലും സ്വീകാര്യമെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ. കായകൽപ്പം ജനസമ്പർക്ക പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എയിംസ് സ്ഥാപിക്കുന്നതിനായി വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെ സ്ഥലവും, കോട്ടയം മെഡിക്കൽ കോളജിൻറെ കൈവശമുള്ള സ്ഥലവും പരിഗണിക്കാവുന്നതാണെന്നും ആരോഗ്യ മന്ത്രി പറഞ്ഞു. സർക്കാർ ആശുപത്രികളിൽ റോബോട്ടിക് സർജ്ജറി വിഭാഗം സജ്ജമാക്കുന്നത് പരിഗണനയിലുണ്ടെന്നും ശ്രീ മുരളീധരൻ അറിയിച്ചു.

RNUTVPM

************************************

## വിഴിഞ്ഞം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഗേറ്റ്വേ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അന്തിമ കസ്റ്റംസ് അനുമതി ലഭിച്ചു. ഓഗസ്റ്റ് 18-ന് മുഖ്യമന്ത്രി വി. ഡി. സതീശൻ ആദ്യ കയറ്റുമതി കണ്ടെയ്നർ ഫ്ലാഗ് ഓഫ് ചെയ്യുന്നതോടെ പൂർണ്ണതോതിലുള്ള കാർഗോ പ്രവർത്തനങ്ങൾക്ക് തുടക്കമാകും. വിഴിഞ്ഞത്തിനെ ഒരു ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമെന്ന നിലയിൽ നിന്ന് പൂർണ്ണസജ്ജമായ അന്താരാഷ്ട്ര കാർഗോ ഗേറ്റ്‌വേയായി മാറ്റുന്നതാണ് ഈ പദ്ധതി.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

***********************************

## ശബരിമല- കണ്ഠര് ബ്രഹ്മദത്തൻ

ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലെ താന്ത്രിക ചുമതലകൾ കണ്ഠര് ബ്രഹ്മദത്തൻ നിർവഹിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ചേർന്ന ബോർഡ് യോഗത്തിലാണ് തീരുമാനം .

***********************************

## ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പ്രവേശനത്തിന് അടുത്തമാസം 10 വരെ അപേക്ഷിക്കാം. സംസ്ഥാന സാക്ഷരത മിഷന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും 30 യുജി - പി.ജി കോഴ്സുകൾ നടത്തുന്നുണ്ടെന്ന് സർവ്വകലാശാല വൈസ് ചാൻസലർ ജഗതി രാജ് കാസർഗോട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇരട്ട ബിരുദ സൗകര്യത്തോടെ വിദൂര വിദ്യാഭ്യാസ രീതിയിലാണ് കോഴ്സുകൾ നടത്തുന്നത്.

***********************************

## ഡിജിറ്റൽ സ്ക്വയർ പദ്ധതി (ഇൻട്രോ)

പൊതു വിദ്യാലയങ്ങളിലെ എൽ.പി, യു.പി പ്രൈമറി വിഭാഗങ്ങളിലെ ഐ.ടി പഠനം കൂടുതൽ വിപുലീകരിക്കുന്നതിനായുള്ള 'ഡിജിറ്റൽ സ്ക്വയർ' പദ്ധതിക്ക് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ മന്ത്രി എൻ. ഷംസുദ്ദീൻ ഓൺലൈൻ ആയി നിർവഹിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

(വോയ്സ്)

************************************

## സിക്കിം -  അനീഷ് മോഹൻ

സിക്കിമിൽ ജലവൈദ്യുതപദ്ധതിയുടെ ഭാഗമായുള്ള തുരങ്കം തകർന്ന് മരിച്ച ജിയോളജിസ്റ്റ് പാമ്പാടി പത്താഴക്കുഴി സ്വദേശി അനീഷ് മോഹന്റെ മൃതദേഹം സംസ്കരിച്ചു. രാവിലെ കൊച്ചി വിമാനത്താവളത്തിൽ നിന്ന് റോഡ് മാർഗം  മൃതദേഹം വീട്ടിൽ എത്തിച്ചിരുന്നു. മന്ത്രി മോൻസ് ജോസഫ്, നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഫ്രാൻസിസ് ജോർജ് എംപി, മുൻ മന്ത്രി VN വാസവൻ തുടങ്ങിയവർ  അന്തിമോപചാരം അർപ്പിച്ചു.

************************************

## കാലാവസ്ഥ

വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്നുള്ള പശ്ചിമ ബംഗാൾ - വടക്കൻ ഒഡീഷ തീരങ്ങൾക്കും മുകളിലായി പുതിയൊരു ന്യൂനമർദ്ദം  രൂപപ്പെട്ടു. വരും ദിവസങ്ങളിൽ ഇത് കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്ന് മുതൽ തിങ്കളാഴ്ച വരെ  ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

RNU TVPM

************************************

## ക്രിക്കറ്റ്

സിംബാബ്‌വെയിൽ നടക്കുന്ന  20-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ  ഇന്ത്യയ്ക്കെതിരെ ആതിഥേയർക്ക് 220 റൺസിന്റെ വിജയലക്ഷ്യം.  5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ 219 റൺസ് നേടി. ടോസ് നേടിയ സിംബാബ്‌വെ ഇന്ത്യയെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു.

************************************

## കോമൺവെൽത്ത് ഗെയിംസ്

സ്കോട്ട്ലൻഡിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യൻ ബോക്സിങ് താരങ്ങൾക്ക് മികച്ച തുടക്കം.
വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ  ലവ്‌ലിന ബോർഗോഹെയ്ൻ നേരിട്ട്  സെമിഫൈനലിൽ പ്രവേശിച്ചതോടെ

രാജ്യത്തിന് ഒരു മെഡൽ ഉറപ്പായി. ബോക്സിങ്ങിൽ ജാദുമണി സിങ് പുരുഷന്മാരുടെ 55 കിലോഗ്രാം വിഭാഗത്തിന്റെ അടുത്ത റൗണ്ടിലേക്ക് മുന്നേറി.

************************************

## കാർഗിൽ ദിവസ്

27-ാമത് കാർഗിൽ വിജയ് ദിവസിൻറെ ആഘോഷങ്ങൾക്ക് ജമ്മു കാശ്മീരിൽ തുടക്കമായി. നാളെ കാർഗിൽ യുദ്ധസ്മാരകത്തിൽ നടക്കുന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് മുഖ്യാതിഥിയാകും. രാജ്യത്തിൻറെ ധീര രക്തസാക്ഷികൾക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. നാളെയാണ് കാർഗിൽ വിജയ് ദിവസ്.

************************************

*******************s

***********

RNU TVPM